പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2652 — 12/02/2019 ൽ മറുപടിക്ക്

## വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ട കർഷകർക്ക് ധനസഹായം

**ചോദ്യം**

**ശ്രീ. ബി.ഡി.ദേവസ്സി:**

**മറുപടി**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | മഹാപ്രളയത്തെ തുടർന്ന് കന്നുകാലി-ക്ഷീരമേഖലകളിൽ ഉണ്ടായ വലിയതോതിലുള്ള നാശനഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പശു, കിടാരി, ആട്, പോത്ത്, എരുമ, പന്നി, കോഴി, താറാവ് തുടങ്ങിയ ജീവികളുടെ വലിയ അളവിലുണ്ടായ നാശം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | ബി) | പ്രളയബാധിതമായ 7 ജില്ലകളിൽ 11 ആടുകൾ അടങ്ങുന്ന 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 6.6 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. കർഷകന് ഇത് പ്രകാരം യൂണിറ്റ് ഒന്നിന് 59400 രൂപ പദ്ധതിയുടെ ധനസഹായമായി ലഭിയ്ക്കും. നവകേരള സൃഷ്ടിപ്രകാരം 77 കോടി രൂപയുടെ പുനരധിവാസ പദ്ധതിയിൽ പശു വളർത്തൽ, കിടാരി പരിപാലനം, കന്നുകുട്ടി പരിപാലനം, പന്നിവളർത്തൽ, കോഴി വളർത്തൽ, താറാവു വളർത്തൽ എന്നീ പദ്ധതികളും, കന്നുകാലി ഫാമുകളുടെ യന്ത്രവത്ക്കരണം തൊഴുത്തു നിർമ്മാണം എന്നിവയും ഉൾപ്പെടുന്നു. |
| സി) | പല വിഭാഗം വളർത്തുമൃഗങ്ങളുടെ കൂട്ടായ നാശം സംഭവിച്ച കർഷകർക്ക് 90000/- രൂപ പരമാവധി ധനസഹായം എന്നതിന് പകരമായി നഷ്ടത്തിന്റെ തോതനുസരിച്ച് ഓരോ വിഭാഗത്തിനും പ്രത്യേകം നഷ്ടം കണക്കാക്കി ധനസഹായം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ; | സി) | തത്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ